# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2762

19.06.2014-ൽ
മറുപടിയ്ക്ക്

## 'റവന്യുദിനം'

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് റവന്യു ദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് റവന്യു ദിനം പ്രഖ്യാപിച്ച് ആഘോഷങ്ങൾ നടത്തിയിട്ടുണ്ട്. കേരളത്തിലെ ഭൂപരിഷ്കരണ പ്രവർത്തനങ്ങൾ വ്യവസ്ഥാപിതമാക്കുന്നതിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ 1886 ഫെബ്രുവരി 24-ലെ റവന്യു സെറ്റിൽമെന്റ് പ്രൊക്ളമേഷന്റെ പ്രാധാന്യം കണക്കിലെടുത്തു കൊണ്ട് എല്ലാ വർഷവും ഫെബ്രുവരി 24-ാം തീയതി റവന്യു ദിനമായി ആചരിക്കാറുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2014 ഫെബ്രുവരി 24 റവന്യു ദിനമായി ആഘോഷിക്കുകയുണ്ടായി |
| (ബി) ആഘോഷങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | (ബി) 2013, 2014 വർഷങ്ങളിൽ ഫെബ്രുവരി 24-ാം തീയതി റവന്യു ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി റവന്യു ഓഫീസുകൾ വഴി പൊതുജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിന് ജീവനക്കാരുടെ ഉത്സാഹം ഉണർത്തുന്നതിനായി സംസ്ഥാനത്തെ ഓരോ ജില്ലയിലെയും മികച്ച ഡെപ്യൂട്ടി കളക്ടർ, മികച്ച തഹസീൽദാർ മികച്ച സേവനം കാഴ്ച വെയ്ക്കുന്ന മൂന്ന് വില്ലേജാഫീസർമാർ എന്നിവരെ തിരഞ്ഞെടുത്ത് പുരസ്കാരങ്ങൾ നൽകി. കൂടാതെ സംസ്ഥാനത്ത് ഏറ്റവും സ്തുത്യർഹവും പ്രശംസനീയവുമായ സേവനം കാഴ്ച വെച്ച ജില്ലാ കളക്ടർക്കും അന്നേ ദിവസം പുരസ്കാരം നൽകുകയുണ്ടായി. സർവ്വേ വകുപ്പിലെ മികച്ച ഉദ്യോഗസ്ഥർക്കും ടി ദിനത്തിൽ പുരസ്കാരങ്ങൾ നൽകുകയുണ്ടായി. |

(സി) റവന്യൂ വകുപ്പിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇതോടനുബന്ധിച്ച് ആവിഷ്ക്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) റവന്യൂ ദിനാചരണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിലെ എല്ലാ തലത്തിലുമുള്ള ജീവനക്കാർക്കും അവരുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി പുരസ്ക്കാരങ്ങൾ നൽകി വരുന്നുണ്ട്. ഇത് ജീവനക്കാരിൽ കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം പൊതു ജനങ്ങൾക്ക് പ്രദാനം ചെയ്യാൻ സാധിക്കുന്നു.

(ഡി) എന്തെല്ലാം തുടർനടപടിയാണ് ഇതിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഡി) റവന്യൂ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിന്മേലുള്ള സെമിനാറുകളും ദുരന്ത നിവാരണ-ലഘൂകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഏകോപനത്തിനുമുതകുന്ന ശിൽപ്പശാലകളും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ